**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 946** **26-07-2021 - ൽ മറുപടിയ്ക്ക്**

**സർവ്വേയർ തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 13.02.2021 തീയതിയിൽ പുറപ്പെടുവിച്ച ജി.ഒ. (എം.എസ്) നം. 5/2021/പി & എ.ആർ.ഡി. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേയർ തസ്തികയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ കമ്മീഷൻ മുൻപാകെ സമർപ്പിച്ച് കെ.പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 36 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി. നടപടികൾ പൂർത്തിയാകാത്തത് മൂലം സർവ്വേയർ II തസ്തികയിലേക്ക് ഡിക്കേഡർ ചെയ്ത എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്; | (ബി) | അഡീഷണൽ ഡയറക്ടറുടെ ഒരു തസ്തിക, ജോയിന്റ് ഡയറക്ടറുടെ 2 തസ്തികകൾ, ഡെപ്യൂട്ടി ഡയറക്ടറുടെ 8 തസ്തികകൾ എന്നിവയാണ് DPC നടപടികൾ പൂർത്തിയാകാത്തത് മൂലം ഒഴിവുള്ളത്. സീനിയോരിറ്റി തർക്കങ്ങളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി DPC കൂടാത്തതിന്റെ പേരിൽ കോടതി അലക്ഷ്യ ഹർജി ഫയൽ ചെയ്ത സാഹചര്യത്തിലും സർവ്വെ സൂപ്രണ്ട് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ സീനിയർമാരായ ഉദ്യോഗസ്ഥർ നിലവിൽ ജൂനിയർമാരായി തുടരുന്ന സാഹചര്യം കണക്കിലെടുത്തും ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി മേൽ പരാമർശിത ഒഴിവുകൾ അർഹതപ്പെട്ട ജീവനക്കാർക്ക് താത്കാലിക സ്ഥാനം നൽകി നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ തസ്തികകൾ ഡിക്കേഡർ ചെയ്ത് ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (സി) | മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിക്കേഡർ ചെയ്ത് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | അഡീഷണൽ ഡയറക്ടറുടെ ഒരു തസ്തിക, ജോയിന്റ് ഡയറക്ടറുടെ 2 തസ്തികകൾ, ഡെപ്യൂട്ടി ഡയറക്ടറുടെ 8 തസ്തികകൾ എന്നിവയാണ് DPC നടപടികൾ പൂർത്തിയാകാത്തത് മൂലം ഒഴിവുള്ളത്. സീനിയോരിറ്റി തർക്കങ്ങളുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി DPC കൂടാത്തതിന്റെ പേരിൽ കോടതി അലക്ഷ്യ ഹർജി ഫയൽ ചെയ്ത സാഹചര്യത്തിലും സർവ്വെ സൂപ്രണ്ട് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് പരിഷ്ക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ സീനിയർമാരായ ഉദ്യോഗസ്ഥർ നിലവിൽ ജൂനിയർമാരായി തുടരുന്ന സാഹചര്യം കണക്കിലെടുത്തും ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി മേൽ പരാമർശിത ഒഴിവുകൾ അർഹതപ്പെട്ട ജീവനക്കാർക്ക് താത്കാലിക സ്ഥാനം നൽകി നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ തസ്തികകൾ ഡികേഡർ ചെയ്ത് ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ഡി) | സർവ്വേയും ഭൂരേഖയും വകുപ്പിൽ 2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സർവ്വേയർ തസ്തികയുടെ സൂപ്പർ വൈസറി കേഡറിൽ ഉൾപ്പെടെ 65 പേർ വിരമിക്കാനിരിക്കെ 59 ഒഴിവുകൾ മാത്രം ആന്റിസിപേറ്ററിയായി കെ.പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബാക്കിയുള്ള 6 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ തസ്തികയിൽ വിരമിക്കൽ മൂലം 59 ഒഴിവുകളാണ് ഉണ്ടായിട്ടുള്ളത്. സർവ്വെ തസ്തികയിൽ 2021 മാർച്ച് 1 മുതൽ ഡിസംബർ 31 വരെ വിരമിക്കൽ മൂലമുണ്ടാകുന്ന 34 പ്രതീക്ഷിത ഒഴിവുകൾ 27/10/2020 തീയതിയിലും സൂപ്പർവൈസറി കേഡറിൽ വിരമിക്കൽ മൂലമുണ്ടാകുന്ന 25 പ്രതീക്ഷിത ഒഴിവുകൾ 24/02/2021 തീയതിയിലും (ആകെ -59ഒഴിവുകൾ) പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ